പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3918 — 11/11/2019 ൽ മറുപടിയ്ക്ക്

## ഫാർമസിസ്റ്റ് തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി

| | ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ അനിവാര്യമായ എണ്ണം ഫാർമസിസ്റ്റ് തസ്തികകളിലുള്ള കുറവ് ആശുപത്രികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആശുപത്രികൾ രോഗി സൗഹൃദമാക്കുന്നതിൽ ഫാർമസിസ്റ്റ് തസ്തികകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഫാർമസിസ്റ്റ് തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തന്നെ ഫാമിലി ഹെൽത്ത് സെന്റർ ആയി തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് 150 ഫാർമസിസ്റ്റുകളുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |

Snidhya

സെക്ഷൻ ഓഫീസർ